**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1829      10.03.2020 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി ഒന്നും രണ്ടും ഘട്ടങ്ങളിലായി മണലൂർ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത ആരോഗ്യ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മണലൂർ മണ്ഡലത്തിൽ നിന്നും മണലൂർ, വെങ്കിടങ്ങ് എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ടത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം എളവള്ളി, തൈക്കാട് എന്നീ സ്ഥാപനങ്ങളെയുമാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി മണലൂർ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ളത് |
| (ബി) | പ്രസ്തുത ആരോഗ്യകേന്ദ്രങ്ങളിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കി എന്നും ഇനി എന്തെല്ലാം പ്രവൃത്തികൾ നടപ്പാക്കാൻ ബാക്കിയുണ്ട് എന്നുമുള്ള വിശദാംശങ്ങൾ നൽകാമോ? | (ബി) | **a) കുടുംബാരോഗ്യ കേന്ദ്രം മണലൂർ**<br>പ്ലാൻ ഫണ്ട് - എൻ.എച്ച്.എം. മുഖേന 13,50,000/- രൂപയും കൂടാതെ എം.എൽ.എ ഫണ്ട് 7 ലക്ഷം രൂപയും ഉപയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br>ഒ.പി.കൗണ്ടർ, വെയിറ്റിംഗ് ഏരിയ, ടി.വി., പൂന്തോട്ടം, കുടിവെള്ള സൗകര്യം, ഓരോ ഡോക്ടർമാർക്കും പ്രത്യേക പരിശോധനാമുറി, സ്വകാര്യത ഉറപ്പ വരുത്തുന്ന സംവിധാനങ്ങൾ, കമ്പ്യൂട്ടറൈസ്ഡ് ടോക്കൺ സംവിധാനം, സൈൻ ബോർഡുകൾ വർദ്ധിപ്പിച്ച ലാബ് സൗകര്യങ്ങൾ എന്നിവയും വിപുലീകരിച്ച ഫാർമസി സ്റ്റോർ, കാബിൻ സൗകര്യം എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി ഒരു മെഡിക്കൽ ഓഫീസർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>**(b) കുടുംബാരോഗ്യ കേന്ദ്രം, വെങ്കിടങ്ങ്**<br>ആർദ്രം പദ്ധതിയുടെ ഭാഗമായി പ്ലാൻ ഫണ്ട്, എം.എൽ.എ ഫണ്ട്, പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിച്ച് വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ആശുപത്രിയ്ക്ക് ഗേറ്റ്, റൂമുകൾ തിരിക്കുന്നതിന് അലൂമിനിയം പാർട്ടീഷൻ വർക്ക്, കേടായ മൊസൈക്ക് തറ മാറ്റി വിട്രിഫൈഡ് ടൈൽ, ടോയ്‌ലറ്റ് സൗകര്യങ്ങൾ, പെയിന്റിംഗ് തുടങ്ങിയവ ചെയ്തിട്ടുണ്ട്. രോഗികൾക്കുള്ള കാത്തിരിപ്പ് കേന്ദ്രം, ഇരിപ്പിട സൗകര്യം, കുടിവെള്ള സംവിധാനം, ടി.വി., ഒ.പി.ടിക്കറ്റ്, കൗണ്ടർ എന്നിവ |

| | | | |
|---|---|---|---|
| | | | നിർമ്മിച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസർമാർക്ക് രോഗികളെ പരിശോധിക്കുന്നതിനായി 3 മുറികൾ, പ്രീ ചെക്കപ്പ് റൂം, നഴ്സിംഗ് സ്റ്റേഷൻ, പ്രതിരോധ കുത്തിവയ്പ് സ്ഥലം, ഒബ്സർവേഷൻ റൂം, ഫാർമസി എന്നിവയെല്ലാം ആവശ്യമായ രീതിയിൽ വേർതിരിക്കുകയും തറ ടൈൽ ഉപയോഗിച്ച് പുതിയതായി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. അംഗപരിമിതർക്ക് ഉപയോഗിക്കുന്നതിനായി ടോയ്‌ലറ്റ്, റാമ്പ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കോൺഫറൻസ് ഹാൾ ആശുപത്രി കെട്ടിടത്തിന്റെ മുകൾ നിലയിൽ ക്രമീകരിച്ചിട്ടുണ്ട്.<br><br>ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ ഒരു ഫാർമസിസ്റ്റ് എന്നീ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>**<u>(c) കുടുംബാരോഗ്യ കേന്ദ്രം, തൈക്കാട്</u>**<br><br>ആർദ്രം രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ തൈക്കാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ് എന്നീ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. മുൻസിപ്പാലിറ്റി മുഖേന ഒരു ഡോക്ടറെയും, പഞ്ചായത്തിൽ നിന്നും ഒരു സ്റ്റാഫ് നഴ്സിനെയും നിയമിച്ചിട്ടുണ്ട്. ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന 14 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു. ഗുരുവായൂർ നഗരസഭ 2019-20 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടത്തിന്റെ ഉൾഭാഗവും മുകൾ ഭാഗവും വിപുലീകരിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>**<u>(d) കുടുംബാരോഗ്യ കേന്ദ്രം, എളവള്ളി</u>**<br><br>കുടുംബാരോഗ്യ കേന്ദ്രം എളവള്ളിയ്ക്കായി ആർദ്രം പദ്ധതി പ്രകാരം എൻ.എച്ച്.എം. മുഖേന 15,00,000/- രൂപയും കൂടാതെ ബഹു.എം.എൽ.എയുടെ ആസ്തി വികസന പദ്ധതി പ്രകാരം 24,50,000/- രൂപയും അനുവദിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ